# കേരള കാർഷികസർവകലാശാല
## പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്
## കാസറഗോഡ്-671310

നം.ബി2-416/2024 തീയതി: 01.01.2024

### ദർഘാസ് പരസ്യം

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വിവിധ തരം കാർഷിക ഉത്പാദന ഉപാധികളും നടീൽ വസ്തുക്കളും കാസറഗോഡ് ജില്ലയിലെ 39 പഞ്ചായത്തുകളിലെയും, 2 മുനിസിപ്പാലിറ്റികളിലെയും കർഷകർക്ക് വിതരണം ചെയ്യുന്നതിനായി 'കൃഷിവണ്ടി' -യായി ഉപയോഗിക്കാനായി ഡ്രൈവർ ഉൾപ്പെടെ ഒരു ടാവലർ വാടകയ്ക്ക് നൽകാൻ താത്പര്യമുള്ള വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| ദർഘാസ് പരസ്യ നമ്പർ | **B2-416/2024** |
| ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയതി | **06 .02.2024, 3.00 മണി** |
| ദർഘാസ് തുറക്കുന്ന തീയതി | **06.02.2024, 3.30 മണി** |
| കാലാവധി | **3 മാസം** |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | **അസോസിയേറ്റ് ഡയറക്ടർ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** |
| ദർഘാസ് അടക്കം ചെയ്ത കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടത്. | **"ഡ്രൈവർ ഉൾപ്പെടെ ഒരു ടാവലർ വാടകയ്ക്ക് നൽകുന്നതിനുള്ള ദർഘാസ്"** |
| നിരത ദ്രവ്യം | **1000/- രൂപ** |

| വാഹനത്തിന്റെ വിശാദാംശവും നിരക്കും | |
|---|---|
| വാഹനം | ടാവലർ |
| സി.സി | 2500-2600 |
| നിരക്ക് | മോട്ടോർ വാഹന വകുപ്പിന്റെ 11.12.2018 -ലെ പുതിക്കിയ 45/2018/ഗതാ.ഉത്തരവ് പ്രകാരം |

- വിജയിയായ ദർഘാസുകാരൻ ഓർഡർ കൈപ്പറ്റി കേന്ദ്രത്തിലെ ഉദ്യോഗസ്ഥരുടെ നിർദേശപ്രകാരം ജോലി ആരംഭിക്കേണ്ടതും, കൃഷിവണ്ടിയായി ഉപയോഗിക്കുന്ന ടാവലറുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യേണ്ടതുമാണ്.
- വാഹനത്തിന്റെ ആർ.സി, ഇൻഷ്വറൻസ്, ടാക്സ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവറുടെ ലൈസൻസ് എന്നിവയുടെ പകർപ്പ് വിജയിയായ ദർഘാസുകരൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
- കൃഷിവണ്ടിയുടെ പ്രവർത്തന സമയം, വാഹനം ഓടേണ്ട ദൂരം, സ്ഥലം എന്നിവ കേന്ദ്രത്തിലെ ഉദ്യോഗസ്ഥർ നിർദേശിക്കുന്ന പ്രകാരമായിരിക്കും.
- ദർഘാസ് തുകയ്ക്ക് പുറമെ വണ്ടിക്കോ, ഡ്രൈവർക്കോ യാതൊരുവിധ ആനുകൂല്യങ്ങളും ലഭിക്കുന്നതല്ല.

- വാഹനത്തിൽ ജോലിക്ക് നിയോഗിക്കുന്ന ഡ്രൈവറുടെ നിയമപ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ മുതലായ പാലിക്കാനുള്ള ഉത്തരവാദിത്തം പൂർണ്ണമായും കരാറുകാരന്റെതായിരിക്കും. ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക്/ വാഹനത്തിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കും തേയ്മാനത്തിനും കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.
- വാഹനത്തിന്റെ വാടക നിരക്ക് സംബന്ധിച്ച സർക്കാർ ഉത്തരവ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.
- ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം കാണിക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.
- നിലവിലെ സർക്കാർ വ്യവസ്ഥകൾക്കനുസരിച്ച് ആവശ്യമെങ്കിൽ ആദായ നികുതി ഈടാക്കുന്നതായിരിക്കും.
- ദർഘാസ് ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 04672260632.

ഒപ്പ്/-

ഡോ.വനജ.ടി

അസോസിയേറ്റ് ഡയറക്ടർ

പകർപ്പ്:

1. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ/കയ്യൂർ ചീമേനി, നീലേശ്വരം മുനിസിപ്പാലിറ്റി
2. വെബ്സൈറ്റ്
3. ഫാം ഇൻ-ചാർജ്
4. ഫാം സൂപ്രണ്ട്
5. നോട്ടീസ് ബോർഡ് ഓഫീസ്/ഫാം

// അംഗീകാരത്തോടെ//

സെക്ഷൻ ഓഫീസർ